REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 29-08-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- പ്രവർത്തനം, പരിഷ്കരണം, പരിവർത്തനം, പ്രചാരണം എന്നീ ആശയങ്ങളിലൂന്നി ദൗത്യ നിർവ്വഹണത്തിന് പ്രധാനമന്ത്രി നരന്ദ്രമോദി സഹപ്രവർത്തകരെ ആഹ്വാനം ചെയ്തു
- രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് വൈകിട്ട് തിരുവനന്തപുരത്ത് എത്തും.
- രാജ്യത്തെ എല്ലാ പൗരന്മാരും ഒരു മണിക്കൂറെങ്കിലും കായിക വിനോദങ്ങളിൽ ഏർപ്പെടണമെന്ന് കേന്ദ്രമന്ത്രി ഡോ.മൻസൂഖ് മാണ്ഡവ്യ.
- വയനാട് ഉരുൾപൊട്ടൽ ദുരിത ബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ വൈകീട്ട് സർവകക്ഷിയോഗം.
- സംസ്ഥാനത്ത് ശക്തമായ മഴയെ തുടർന്ന് 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

## വാർത്തകൾ വിശദമായി

**പ്രവർത്തനം, പരിഷ്കരണം, പരിവർത്തനം, പ്രചാരണം എന്നീ ആശയങ്ങളിലൂന്നി വിശ്രമമില്ലാതെ ദൗത്യ നിർവ്വഹണത്തിന് പ്രധാനമന്ത്രി നരന്ദ്രമോദി സഹ പ്രവർത്തകരെ ആഹ്വാനം ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ന്യൂഡൽഹിയിലെ സുഷമാ സ്വരാജ് ഭവനിൽ വിളിച്ചു ചേർത്ത മന്ത്രിതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.**

കേന്ദ്ര ഗവൺമെന്റ് ഉത്തരവാദിത്തത്തോടെയാണ് പ്രവർത്തിക്കുന്നത് എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കാൻ സാമൂഹിക മാധ്യമങ്ങളിലൂടെ ജനങ്ങളുമായി ഇടപെടണമെന്നും നരേന്ദ്ര മോദി ആവശ്യപ്പെട്ടു. മൂന്നാം മോദി ഗവൺമെന്റ് നൂറ് ദിവസം പൂർത്തീകരിക്കുമ്പോൾ അതത് മന്ത്രാലയങ്ങൾ പത്ത് പുതിയ തീരുമാനങ്ങൾ അറിയിക്കണമെന്നും നരേന്ദ്രമോദി മന്ത്രിമാരോട് ആവശ്യപ്പെട്ടു.

✪✪✪

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് വൈകിട്ട് തിരുവനന്തപുരത്ത് എത്തും. അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തുന്ന കേന്ദ്രമന്ത്രി നാളെ രാവിലെ 10 ന് നഗരത്തിലെ സ്വകാര്യ ഹോട്ടലിൽ 'ചെയ്ഞ്ച് മേക്കേഴ്സ്' കോൺക്ലേവിൽ പങ്കെടുക്കും.

✪✪✪

ഇന്ന് ദേശീയ കായിക ദിനം. ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിന്റെ ജന്മദിനമാണ് ദേശീയ കായിക ദിനമായി ആചരിക്കുന്നത്. രാജ്യത്തെ കായിക പാരമ്പര്യം ആഘോഷിക്കാനും ഇന്ത്യൻ കായിക പ്രതിഭകളെ ആദരിക്കുന്നതിനും വിവിധ പരിപാടികൾ രാജ്യത്തുടനീളം സംഘടിപ്പിച്ചിട്ടുണ്ട്. 'മേജർ ധ്യാൻചന്ദിന്റെ കായികാഭ്യാസ ചൈതന്യവും, കായിക പൈതൃകവും' എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

കായികരംഗത്ത് യുവാക്കൾക്ക് ശോഭിക്കാനും കായികമേഖലയെ പിന്തുണയ്ക്കാനും കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ദേശീയ കായിക ദിനത്തിൽ ഹോക്കി ഇതിഹാസ താരം മേജർ ധ്യാൻചന്ദിന് ആദരാഞ്ജലി അർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കായിക രംഗത്ത് അഭിനിവേശമുള്ളവരെയും ഇന്ത്യക്കുവേണ്ടി മത്സരിച്ചവരെയും അഭിനന്ദിക്കാൻ ലഭിച്ച അവസരമാണിതെന്ന് നരേന്ദ്രമോദി എക്സ് പോസ്റ്റിൽ കുറിച്ചു.

✪✪✪

രാജ്യത്തെ എല്ലാ പൗരന്മാരും ജോലിതിരക്കുകൾ മാറ്റിവെച്ച് ഒരു മണിക്കൂറെങ്കിലും കായിക വിനോദങ്ങളിൽ ഏർപ്പെട്ട് ആരോഗ്യത്തോടെയിരിക്കണമെന്ന് കേന്ദ്ര മന്ത്രി ഡോ.മൻസൂഖ് മാണ്ഡവ്യ പറഞ്ഞു. ദേശീയ കായിക ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിലെ

പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യത്തോടു കൂടിയ പൗരൻമാരെയും, സമൂഹത്തെയും, സമൃദ്ധമായ രാജ്യത്തെയും കെട്ടിപ്പടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

പാരീസ് പാരാലിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തിന് 140 കോടി ജനങ്ങൾ ആശംസകൾ നേരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഓരോ കായിക താരത്തിന്റെയും ധൈര്യവും നിശ്ചയദാർഢ്യവും രാജ്യത്തിനാകെ പ്രചോദനമാണെന്ന് സാമൂഹ്യ മാധ്യമ പോസ്റ്റിൽ മോദി പറഞ്ഞു. എല്ലാവരും അവരവരുടെ വിജയത്തിനായി നിലകൊള്ളുന്നവരാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരിത ബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് സർവകക്ഷിയോഗം ചേരും. വൈകീട്ട് ഓൺലൈനായാണ് യോഗം. ഇതിനു മുന്നോടിയായി പ്രതിപക്ഷ നേതാവ് V.D സതീശനുമായും ഉപനേതാവ് P.K.കുഞ്ഞാലിക്കുട്ടിയുമായി മുഖ്യമന്ത്രി രാവിലെ കൂടിക്കാഴ്ച നടത്തി. ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്ന പാക്കേജ് പ്രതിപക്ഷ നേതാക്കളുടെ മുന്നിൽ അവതരിപ്പിച്ചു.

✪✪✪

നിയമസഭ പരിസ്ഥിതി സമിതി കോഴിക്കോട് വിലങ്ങാട്ടെ ഉരുൾപൊട്ടൽ ബാധിത മേഖലയിൽ സന്ദർശനം തുടങ്ങി. ഉച്ചക്ക് രണ്ടിന് നാദാപുരം റസ്റ്റ് ഹൗസിൽ സമിതി യോഗം ചേരും. മേഖലയിലെ പാരിസ്ഥിതിക പ്രശ്നങ്ങളിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും സംഘം വിവര ശേഖരണം നടത്തും.

✪✪✪

കാൻസർ മരുന്നുകൾ കമ്പനി വിലയ്ക്ക് ലഭ്യമാക്കുന്ന കാരുണ്യ സ്പർശം പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് ഓൺലൈനായി ഉദ്ഘാടനം ചെയ്യും. കാൻസർ മരുന്നുകൾ ജനങ്ങൾക്ക് പരമാവധി വില കുറച്ച് ലഭ്യമാക്കുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും തെരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികളെ പദ്ധതിയിൽ ഉൾപ്പെടുത്തും. 247 ഇനം മരുന്നുകളാണ് ലാഭമില്ലാതെ പ്രത്യേക കൗണ്ടർ വഴി ലഭ്യമാക്കുന്നത്.

✪✪✪

**രാജ്യത്തെ 234 നഗരങ്ങളിൽ 730 സ്വകാര്യ FM റേഡിയോ ചാനലുകൾ ആരംഭിക്കാൻ ലേല നടപടികൾക്ക് കേന്ദ്ര മന്ത്രിസഭായോഗം അനുമതി നൽകി. പാലക്കാട്ടെയും കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട്ടെയും മൂന്നു വീതം ചാനലുകൾ ഇവയിലുൾപ്പെടും. E-ലേലത്തിലൂടെയാണ് തുടർ നടപടികൾ പൂർത്തിയാക്കുന്നത്. പ്രാദേശിക വിവരങ്ങൾക്ക് പ്രാധാന്യം നൽകാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും മൂന്നാംഘട്ട FM റേഡിയോ നയം സഹായകമാകുമെന്ന് വിലയിരുത്തുന്നു.**

✪✪✪

**കൊൽക്കത്ത RG കർ മെഡിക്കൽ കോളജ് ആശുപത്രി മുൻ പ്രിൻസിപ്പൽ ഡോ.സന്ദീപ് ഘോഷിന്റെ അംഗത്വം ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സസ്പെൻഡ് ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ടിലെ ജൂനിയർ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ CBI അന്വേഷണം നടക്കുന്നതിനിടെയാണ് IMA യുടെ തീരുമാനം.**

✪✪✪

**നടിയോട് ലൈംഗികാതിക്രമം കാട്ടിയെന്ന പരാതിയിൽ നടൻ ജയസൂര്യക്കെതിരെ പൊലീസ് കേസെടുത്തു. തിരുവനന്തപുരം കന്റോൺമെന്റ് പൊലീസ് ജാമ്യമില്ലാ വകുപ്പുകൾ പ്രകാരമാണ് ജയസൂര്യക്കെതിരെ കേസെടുത്തത്. സെക്രട്ടേറിയറ്റിൽ സിനിമാ ചിത്രീകരണത്തിനിടെ ശുചിമുറിയ്ക്ക് സമീപം ലൈംഗികമായി അതിക്രമം നടത്തിയെന്നാണ് പരാതി.**

**കൊച്ചി സ്വദേശിയായ നടിയുടെ ഏഴ് പരാതികളിൽ രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ കേസാണിത്. നടിയുടെ മൊഴി ഇന്നലെ പ്രത്യേക അന്വേഷണസംഘം രേഖപ്പെടുത്തിയിരുന്നു.**

✪✪✪

**ഹേമാകമ്മിറ്റി റിപ്പോർട്ടിൽ നാലര വർഷം നടപടിയെടുക്കാതെ സംസ്ഥാന ഗവൺമെന്റ് വൈകിപ്പിച്ചെന്ന് കഥാകൃത്ത് T പത്മനാഭൻ കുറ്റപ്പെടുത്തി. എറണാകുളം DCC സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു പത്മനാഭൻ. സംസ്ഥാന ഗവൺമെന്റ് ഇരയ്ക്കൊപ്പമാണ് എന്ന് പറയുന്നുണ്ടെങ്കിലും അങ്ങനെയല്ലെന്നും, ഗവൺമെന്റ് വിചാരിച്ചാൽ ഊഹാപോഹങ്ങൾ ഇല്ലാതാക്കാൻ കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.**

✪✪✪

ഹേമാ കമ്മിഷൻ റിപ്പോർട്ടിൽ ഉൾപ്പെട്ടവരുടെ പേര് പുറത്തുവിടണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് ശക്തമായ സമരം നടത്തുമെന്ന് KPCC പ്രസിഡന്റ് കെ.സുധാകരൻ പറഞ്ഞു. കൊടിയുടെ നിറം നോക്കിയാണ് ഗവൺമെന്റ് സ്ത്രീ പീഡന പരാതിക്കാർക്കെതിരെ നടപടി എടുക്കാതിരിക്കുന്നതെന്ന് അദ്ദേഹം കണ്ണൂരിൽ ആരോപിച്ചു. ജില്ലാകോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മ കലക്ട്രേറ്റിനു മുന്നിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു സുധാകരൻ.

✪✪✪

നടൻ സിദ്ദിഖിനെതിരായ നടിയുടെ പരാതിയിൽ രഹസ്യ മൊഴിയെടുക്കുന്നതിന് പൊലിസ് സമർപ്പിച്ച അപേക്ഷ കോടതി ഇന്ന് പരിഗണിച്ചേക്കും. തിരുവനന്തപുരം CJM കോടതിയിലാണ് പൊലിസ് അപേക്ഷ നൽകിയത്.

✪✪✪

ജമ്മുകശ്മീരിലെ രജൗരി ജില്ലയിൽ ഭീകരർക്കെതിരായ ഓപ്പറേഷൻ തുടരുന്നതിനിടെ രണ്ട് വ്യത്യസ്ത സംഭവങ്ങളിൽ കുപ്-വാരയിൽ മൂന്ന് ഭീകരർ കൊല്ലപ്പെട്ടു. നിയന്ത്രണ രേഖയിൽ നുഴഞ്ഞു കയറാൻ നടത്തിയ ശ്രമത്തിനിടെയാണ് ഇവർ കൊല്ലപ്പെട്ടതെന്ന് സൈന്യം അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് 11 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെ ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ മൂന്നു ദിവസം 55 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

മലിനീകരണം ഉണ്ടാക്കുന്ന വാഹനങ്ങൾ നിരത്തിൽ നിന്നൊഴിവാക്കുന്ന സന്നദ്ധ വാഹന നവീകരണ പരിപാടി അഥവാ വാഹനം പൊളിക്കൽ നയം കേന്ദ്രഗതാഗത മന്ത്രാലയം പുറത്തിറക്കി. രജിസ്റ്റർ ചെയ്ത വാഹനം പൊളിക്കൽ കേന്ദ്രങ്ങളും ഓട്ടോമാറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളും സ്ഥാപിക്കാൻ നയം വ്യവസ്ഥ ചെയ്യുന്നു.

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ത്യൻ വാഹന നിർമ്മാതാക്കളുടെ സംഘടനാ നേതാക്കളുമായി കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചർച്ച നടത്തി. സ്വകാര്യമേഖലയിലെ കാലപ്പഴക്കമേറിയതും മലിനീകരണമുണ്ടാക്കുന്നതുമായ യാത്രാവാഹനങ്ങളും, ചരക്കുവാഹനങ്ങളും ഒഴിവാക്കി കുറഞ്ഞ മലിനീകരണം മാത്രമുണ്ടാക്കുന്ന വാഹനങ്ങൾ കൊണ്ടുവരികയാണ് നയത്തിന്റെ ലക്ഷ്യം. പൊളിക്കുന്ന വാഹനങ്ങൾക്ക് പകരംവാങ്ങുന്ന പുതിയ വാഹനങ്ങൾക്ക് പരിമിത കാലത്തേക്ക് വിലയിളവ് നൽകാൻ ഉത്പാദകർ സന്നദ്ധത അറിയിച്ചു.

✪✪✪

കണ്ണൂർ, കോട്ടയം - മലബാർ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ സംഘർഷത്തെ തുടർന്ന് പ്ലസ് വൺ, പ്ലസ്ടു ക്ലാസുകളിലെ 29 വിദ്യാർത്ഥികളെ സസ്പെൻഡ് ചെയ്യാൻ അച്ചടക്കസമിതി യോഗം തീരുമാനിച്ചു. വ്യാഴാഴ്ചയാണ് വിദ്യാർഥികൾ ചേരിതിരിഞ്ഞ് സംഘർഷമുണ്ടായത്.

✪✪✪

ഒക്ടോബർ 21 മുതൽ 30 വരെ നടത്തുന്ന പത്താംതരം തുല്യതാ പരീക്ഷയ്ക്ക് അടുത്തമാസം 11 വരെ ഫീസടയ്ക്കാം. പിഴയോടുകൂടി 13 ന് ഉച്ചയ്ക്ക് 2 മുതൽ 5 വരെ അതത് പരീക്ഷാകേന്ദ്രങ്ങളിൽ ഫീസ് അടയ്ക്കാം.

✪✪✪

യുനസ്കോ സാഹിത്യനഗര പദവി ലഭിച്ച കോഴിക്കോടിന് ആദരവ് നൽകാൻ വൈകിട്ട് ജൂബിലി ഹാളിൽ ‘അക്ഷരാർപ്പണം’ പരിപാടി സംഘടിപ്പിക്കും. പ്രമുഖ എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരുമാണ് സാഹിത്യ നഗരിക്ക് അക്ഷരാർപ്പണം നടത്തുക. ഇതുമായി ബന്ധപ്പെട്ട സമ്മേളനം എഴുത്തുകാരൻ N.S മാധവൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പ് ട്രോഫിക്കായി 18 അംഗ ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. വിരമിച്ച മലയാളി താരം P.R. ശ്രീജേഷിന്റെ പിൻഗാമിയായി കൃഷാൻ ബഹദൂർ പഥകിനെ തെരഞ്ഞെടുത്തതായി ഹോക്കി ഇന്ത്യ അറിയിച്ചു. ഒളിമ്പിക്സിൽ ഇന്ത്യയെ നയിച്ച

ഹർമൻപ്രീത് സിങ് തന്നെയാണ് ക്യാപ്റ്റൻ. മിഡ്ഫീൽഡർ വിവേക് സാഗർ പ്രസാദാണ് വൈസ് ക്യാപ്റ്റൻ.

✪✪✪

സുബ്രതോ മുഖർജി ദേശീയ ഫുട്ബോൾ ടൂർണമെന്റിൽ പങ്കെടുക്കുന്ന കേരള ടീം ഇന്ന് ഡൽഹിയിലേക്ക് യാത്ര തിരിക്കും. ഫാറൂഖ് കോളജ്, ഫാറൂഖ് HSS ടീമാണ് ഇത്തവണ സംസ്ഥാനത്തിനു വേണ്ടി ടൂർണമെന്റിൽ കളിക്കുന്നത്. 20 അംഗ ടീമിന് ഉച്ചയ്ക്ക് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ യാത്രയയപ്പ് നൽകും.

✪✪✪

K കരുണാകരന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ അഞ്ചാമത് സ്പോർട്സ് അവാർഡുകൾ പ്രഖ്യാപിച്ചു. യുവ പ്രതിഭാ പുരസ്കാരത്തിന് ഇന്ത്യൻ റഗ്ബി താരം ചക്കാലക്കൽ HSS സ്പോർട്സ് അക്കാദമിയിലെ N.P. മുഹമ്മദ് ഹാദി അർഹനായി.

മികച്ച കായിക സംഘാടക പുരസ്കാരം, ബോൾ ബാഡ്മിന്റൺ, ജില്ലാ പ്രസിഡന്റ് സുബൈർ കൊളക്കാടനും മികച്ച പരിശീലക പുരസ്കാരം, ഫൂട്ട് വോളി ഇന്ത്യൻ കോച്ച് K. അമൽ സേതുമാധവനുമാണ്.

ഒക്ടോബർ രണ്ടിന് DCC ഓഫീസിൽ ഷാഫി പറമ്പിൽ M.P പുരസ്കാരങ്ങൾ സമ്മാനിക്കും.

✪✪✪

KPCC യുടെ കായിക വിഭാഗമായ ദേശീയ കായിക വേദിയുടെ ഉമ്മൻചാണ്ടി പുരസ്കാരം ഹോക്കിതാരം ഒളിമ്പ്യൻ ശ്രീജേഷിന് സമ്മാനിക്കും. അടുത്ത മാസം കൊച്ചിയിൽ പുരസ്കാരം വിതരണം ചെയ്യുമെന്ന് സംഘാടകർ തിരുവനന്തപുരത്ത് അറിയിച്ചു. മികച്ച പരിശീലകൻ, കായികാധ്യാപിക, മാധ്യമ റിപ്പോർട്ട്, ഫോട്ടോ തുടങ്ങിയ വിഭാഗങ്ങളിലും പുരസ്കാരങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

KSEB പെൻഷനേഴ്സ് അസോസിയേഷൻ 68-ാമത് സംസ്ഥാന സമ്മേളനം ഇന്ന് ആലപ്പുഴയിൽ ആരംഭിക്കും. രണ്ടു ദിവസത്തെ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪